ഖുത്ബ ●

വി.ടി അബ്ദുല്ലക്കോയ



# നേതൃപദവിയുടെ പൊരുൾ

**പരമാകാരുണികന്റെ** അടിമകളുടെ ഗുണവിശേഷങ്ങൾ വിശദീകരിക്കുന്നിടത്ത് ഖുർആൻ പറയുന്നു: "അവരിപ്രകാരം പറയുന്നവരായിരിക്കും, പടച്ചവനേ ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യാസന്താനങ്ങളിൽ നിന്ന് കൺകുളിർമ നൽകേണമേ.ഞങ്ങളെ നീ മുത്തഖികളുടെ നേതാക്കളാക്കുകയും ചെയ്യേണമേ. ഞങ്ങളെ നീ ദൈവഭക്തരുടെ നേതാവാക്കണേ" (*അൽഫുർഖാൻ* 74). ഈ പ്രാർഥനയിലൂടെ അല്ലാഹുവോട് നാം എന്താണ് ആവശ്യപ്പെടുന്നത്?

ഒരു സംഘം അധികാരം ആഗ്രഹിക്കുന്നതും ഒരു വ്യക്തി അധികാരം ചോദിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്.

ഉമറി(റ)നോട് കേന്ദ്രകൂടിയാലോചനാ സമിതിയിലെ ചിലർ ഉമറിന്റെ മകനെ കൂടി സമിതിയിലേക്കെടുക്കണമെന്നാവശ്യപ്പെട്ടു. അതിന് ഉമർ(റ) പറഞ്ഞ മറുപടി, 'സമൂഹത്തിന്റെ പൊതുകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ നാളെ അല്ലാഹുവിന്റെ മുമ്പിൽ ഉത്തരം പറയാൻ ബാധ്യസ്ഥനായിട്ട് ഖത്താബിന്റെ കുടുംബത്തിൽ നിന്നൊരാൾ മതി' എന്നായിരുന്നു. അഥവാ അത്രയും വലിയ അമാനത്താണത്. അധികാരം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതും അതിന് വേണ്ടി തന്ത്രങ്ങളാവിഷ്കരിക്കുന്നതും പ്രാർഥിക്കുന്നതും നിരുൽസാഹപ്പെടുത്തുന്ന ധാരാളം ഹദീസുകളും കാണാം.

നമ്മളാരും ആഗ്രഹിച്ചിട്ടില്ലെങ്കിലും പ്രകൃതിപരമായി നമ്മുടെ മേൽ ഒരു നേതൃത്വം വന്നു ചേരുന്നുണ്ട്. അതാണ് കുടുംബനായകത്വം. ഈ വലിയ ഉത്തരവാദിത്വം ഏറ്റവും നല്ലനിലയിൽ നിർവഹിക്കുന്നതിനുവേണ്ടി നടത്തേണ്ട പ്രാർഥനയാണിത്. ഭാര്യാ സന്താനങ്ങളെ, നന്മയും തിന്മയും പരിഗണിക്കാതെ അവരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് അവരെ തൃപ്തിപ്പെടുത്തി, അതിന് പരമപ്രാധാന്യം നൽകി പടച്ചവനെയും അവന്റെ നിർദ്ദേശങ്ങളെയും തൃണവൽഗണിച്ച് ഒരാൾ ജീവിക്കുകയാണെങ്കിൽ അത് പ്രസ്തുത പദവി ദുരുപയോഗം ചെയ്യലും നരക പ്രവേശനത്തിന് കാരണമാവുന്ന അപരാധവുമാണ്. "നിങ്ങളുടെ ഭാര്യമാരിലും സന്താനങ്ങളിലും നിങ്ങൾക്ക് ശത്രുക്കളുണ്ട്." ഏതൊരു കാര്യവും അവരോട് കൂടിയാലോചിച്ചും അവരെ പരിഗണിച്ചും മനസ്സാ അടുപ്പിച്ചും കൈകാര്യം ചെയ്യുന്നതിൽ പിഴവു പറ്റി, പഴയ ഭൂജന്മിയുടെ പ്രകൃതത്തോടെ നാം കുടുംബകാര്യങ്ങൾ കൈകാര്യം ചെയ്താലോ? മക്കളുടെയും ഭാര്യയുടെ പോലും വെറുപ്പിനത് കാരണമാകും. ക്രമേണ അവർക്ക് നമ്മോടുള്ള വെറുപ്പ് ദീനിനോടും ഇസ്ലാമിനോടുമുള്ള വെറുപ്പായി മാറുന്നു.

പുതിയ തലമുറയിൽ കുട്ടികൾക്ക് വരെ ഒരുപാട് അഭിപ്രായങ്ങളുണ്ട്. അവർ ഒരുപാട് കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. അവർക്കും ഒരുപാട് പറയാനും സ്വപ്നങ്ങൾ പങ്കുവെക്കാനുമുണ്ട്. ഇതൊന്നും ശ്രദ്ധിക്കുന്നില്ലെങ്കിൽ നമ്മുടെ നാട്ടിലെന്ന പോലെ നമ്മുടെ കുടുംബത്തിലും ശത്രുക്കൾ വളരുകയായിരിക്കും ഫലം. അവർക്ക് നമ്മോടുള്ള ശത്രുത ഇവിടെയും തീരുന്നില്ല. സ്വർഗത്തിൽ നമ്മുടെ വഴിമുടക്കാൻ ഇവരുണ്ടാവുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

ഇതാണ് നേതൃത്വത്തിൽ താളപ്പിഴ സംഭവിച്ചാൽ വരാൻ പോകുന്ന ദുരന്തം. എന്നാൽ വിജയിച്ചാലോ? ഖുർആൻ (52: 17–28) വിവരിക്കുന്നു "അവർ അല്ലാഹുവിന്റെ സ്വർഗീയാരാമങ്ങളിലും മഹത്തായ അനുഗ്രഹങ്ങളിലുമാണ്. അല്ലാഹു അവർക്ക് ധാരാളമായി വിഭവങ്ങൾ നൽകിയിരിക്കുന്നു.

നരകശിക്ഷയിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ യഥേഷ്ടം തിന്നുകയും കുടിക്കുകയും ചെയ്യുക. നിങ്ങളുടെ സൽപ്രവർത്തനങ്ങളുടെ പലമായിട്ടത്രെ ഇത്. അവർക്ക് നല്ല ഹൂറികളായ ഇണകളെ നൽകിയിരിക്കുന്നു. എന്നിട്ടവർ സോഫകളിൽ ചാരിയിരുന്ന് സന്തോഷിച്ചു കൊണ്ടിരിക്കുകയാണ്." തുടർന്ന് പറയുന്നു: "വിശ്വസിച്ച ആളുകളും വിശ്വാസത്തിൽ അവരെ പിന്തുടർന്ന അവരുടെ സന്താനങ്ങളും. എന്നിട്ട് ആ സന്താനങ്ങളെ അവരോട് ചേർത്ത് കൊടുക്കും. അവരുടെ പ്രവർത്തനങ്ങളിൽ യാതൊന്നും നഷ്ടപ്പെടുത്തുകയില്ല. ഒരോരുത്തരും അവരവർ പ്രവർത്തിച്ചതിന് പണയപ്പെട്ടിരിക്കുന്നു."

സ്വർഗ പ്രവേശനത്തിന് ഓരോരുത്തരും കാത്തിരിക്കുകയാണ്. പല കുടുംബങ്ങളും സ്വർഗത്തിലെത്തിയിട്ടുമുണ്ട്. ആ സമയം എല്ലാവരും മുഖാമുഖമിരുന്ന് പരസ്പരം ചോദിക്കും: "ഞങ്ങളുടെ കൂട്ടത്തിലുള്ള പലരും ഇവിടെയില്ല. നിങ്ങളെങ്ങനെ എല്ലാവരും ഇവിടെ കയറിക്കൂടി." അപ്പോൾ കുടുംബ നാഥൻ പറയുകയാണ്: "ഞങ്ങൾ നേരത്തെ തന്നെ ഞങ്ങളുടെ കുടുംബങ്ങളിൽ ഭക്തരും സൂക്ഷ്മാലുക്കളും ഇത്തരമൊരു പ്രതീക്ഷയുള്ളവരുമായിരുന്നു. അതുകൊണ്ട് അല്ലാഹു ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുകയും ഈ അനുഗ്രഹങ്ങളൊക്കെ ഞങ്ങൾക്ക് ചെയ്തുതരികയും ചെയ്തു."

നബി(സ) പറഞ്ഞു: "ഓരോരുത്തരും കൈകാര്യകർത്താക്കളാണ്. അവരെല്ലാം അവരുടെ കീഴിലുള്ളവരെ പറ്റി ചോദ്യം ചെയ്യപ്പെടുന്നവരുമാണ്." ഇത്തരത്തിലുള്ള ഒരു നേതൃത്വം നമ്മിലോരോരുത്തരിലും വന്നു ചേരുന്നു. പിതാവെന്ന നിലയിലും മാതാവെന്ന നിലയിലും ഭർത്താവും ഭാര്യയുമെന്ന നിലയിലും തന്റെ കീഴിലുള്ള ചെറുസംഘത്തെ നാളെ കൂടെ നിർത്താൻ നമ്മൾ എന്തു ചെയ്യുന്നുവെന്ന് ഓരോരുത്തരും ഈ പ്രാർഥനക്കൊപ്പം ആലോചിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ■

*(കോഴിക്കോട് മസ്ജിദു ലുഅ്ലുഇൽ 7.5.10 ന് നടത്തിയത്).* **തയ്യാറാക്കിയത്: അബൂസഹ്റ**